# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 8046 24.07.2012-ൽ മറുപടിക്ക്

### സഹകരണ സംഘങ്ങളുടെ ഓഡിറ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. പി. സി. ജോർജ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഓഡിറ്റിൽ കണ്ടെത്തിയിട്ടുള്ള പ്രധാന അപാകതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഓഡിറ്റിൽ കണ്ടെത്തിയിട്ടുള്ള പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.<br><br>1) മതിയായ തോതിൽ തരളധനം സംഘങ്ങൾ സൂക്ഷിക്കുന്നില്ല.<br>2) വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല.<br>3) സർപ്ലസ് ഫണ്ട് വിനിയോഗിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നില്ല.<br>4) വ്യക്തമായ മാനദണ്ഡങ്ങൾ പാലിക്കാതെയും തിരിച്ചടവ് ശേഷി പരിഗണിക്കാതെയും പലപ്പോഴും വായ്പ അനുവദിക്കുന്നത് കുടിശ്ശിക വർദ്ധിക്കുന്നതിന് ഇടയാക്കുന്നു.<br>5) തൻചിലവുകളിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുന്നു.<br>6) സ്വർണ്ണപണയ വായ്പകളിലെ കൃത്രിമം.<br>7) രജിസ്റ്ററുകൾ യഥായോഗ്യം സൂക്ഷിക്കുന്നതിലുള്ള അപാകത.<br>8) ഭീമമായനഷ്ടം കുറയ്ക്കുന്നതിലും, സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിലുമുള്ള വീഴ്ച.<br>9) പൊതുയോഗം യഥാസമയം കൂടാതിരിക്കുക.<br>10) സംഘത്തിന് ഈടാക്കാനുള്ള തുക ഈടാക്കുന്നതിലുള്ള ഉദാസീനത.<br>11) മുൻ ഓഡിറ്റ് ന്യൂനതകൾ പരിഹരിക്കുന്നതിലെ വീഴ്ച.<br>12) ചെക്കുകൾ ഡിസ്കൗണ്ട് ചെയ്യുന്നതും, യഥാസമയം കളക്ഷന് അയക്കാതിരിക്കുകയും ചെയ്യുക.<br>13) കാർഷിക വായ്പ നൽകുന്നതിലുള്ള താൽപര്യമില്ലായ്മ, കാർഷികവായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാതിരിക്കുക. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | തരളധനം നിയമാനുസൃതം സൂക്ഷിക്കുവാൻ ശക്തമായ നിർദ്ദേശം നൽകിവരുന്നതോടൊപ്പം വായ്പാ കുടിശ്ശിക യഥാസമയം പിരിച്ചെടുക്കുവാൻ "ആശ്വാസ്" പോലുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. അധികധനം ലാഭകരമായി വിനിയോഗിക്കുന്നതിന് പുതിയ വായ്പാപദ്ധതികൾ ആവിഷ്കരിക്കുന്നതിനും, വായ്പനൽകുമ്പോൾ കഴിയുന്നിടത്തോളം തിരിച്ചടവ് ശേഷി കൂടി കണക്കിലെടുക്കുന്നതിനും, തൻചിലവ് നിയന്ത്രിക്കുന്നതിനും, സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും, ഓഡിറ്റിനും, സംഘം പ്രവർത്തനത്തിനും ആവശ്യമായ രജിസ്റ്ററുകളും സ്റ്റേറ്റ്മെന്റുകളും യഥാസമയം എഴുതി സൂക്ഷിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും, സംഘത്തിന് ഈടാക്കാനുള്ള തുകകൾ ഈടാക്കുന്നതിന് നിയമാനുസൃതനടപടികൾ സ്വീകരിക്കുന്നതിനും, കാർഷികവായ്പാ വിതരണം ഊർജ്ജിതപ്പെടുത്തുന്നതിനും, പൊതുയോഗം യഥാസമയം കൂടി സംഘം പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും, ആയത് നടപ്പാക്കുന്നു ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.<br>"എന്റെ സംഘം" എന്ന ക്യാമ്പയിൻ നടപ്പിലാക്കുന്നതോടുകൂടി സംഘങ്ങളുടെ മേൽ പരാമർശിച്ച ന്യൂനതകൾ ഒരളവുവരെ പരിഹരിക്കുവാൻ കഴിയും എന്നതിനാൽ, ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സംഘങ്ങളുടെ പ്രവർത്തന മൂലധനം അനുസരിച്ച് ഓഡിറ്റർമാരെ നിയമിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**